കേരള സർക്കാർ

സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്മശാന നിർമ്മാണം - ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ (സാധാ)നം: 419/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 15/02/2013.**

**പരാമർശം:- 1. 07.06.2012-ലെ സ.ഉ (സാധാ)നം.1552/12/തസ്വഭവ നമ്പർ ഉത്തരവ്.**

**2. പഞ്ചായത്ത് ഡയറക്ടറുടെ 20.11.2012-ലെ ജെ.5-10900/12 നമ്പർ കത്ത് .**

**<u>ഉത്തരവ്</u>**

**2012-13 വർഷം ശ്മശാന നിർമ്മാണത്തിനായി 2515-00-800-98 ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിരുന്ന 500 ലക്ഷം രൂപ 50 ഗ്രാമപഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുവാൻ പരാമർശം (1) ഉത്തരവു പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പൊതു ശ്മശാന നിർമ്മാണത്തിന് ധനസഹായം ആവശ്യപ്പെട്ട 79 അപേക്ഷകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 49 ഗ്രാമപഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വീതവും 2 ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വീതവും ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം രണ്ട് പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരിക്കുന്നു.**

**സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2012-13 വർഷം പൊതുശ്മശാന നിർമ്മാണത്തിനായി 2515-00-800-98 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 500 ലക്ഷം രൂപ പരാമർശം ഒന്ന് ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തെരഞ്ഞെടുക്കപ്പെട്ട 51 ഗ്രാമപഞ്ചായത്തുകൾക്ക് ഇതോടൊപ്പമുള്ള ലിസ്റ്റിലെ വിശദാംശങ്ങൾ പ്രകാരം ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**വി.എസ്. സെന്തിൽ**
**ഗവ:പ്രിൻസിപ്പൽ സെക്രട്ടറി**

**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ /ആഡിറ്റ്) തിരുവനന്തപുരം**
**അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം.**
**പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.**
**ധനകാര്യ (ഡെവലപ്മെന്റ്) വകുപ്പ്.**
**എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)**
**കരുതൽ ഫയൽ/ഓഫീസ് കോപ്പി.**

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | ജില്ല | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | കല്ലൂപ്പാറ | പത്തനംതിട്ട | 10 |
| 2 | മല്ലപ്പള്ളി | പത്തനംതിട്ട | 10 |
| 3 | ചിറ്റാർ | പത്തനംതിട്ട | 10 |
| 4 | പന്തളം-തെക്കേക്കര | പത്തനംതിട്ട | 10 |
| 5 | പെരുമ്പളം | ആലപ്പുഴ | 10 |
| 6 | അരൂർ | ആലപ്പുഴ | 10 |
| 7 | ടി.വി.പുരം | കോട്ടയം | 10 |
| 8 | മൂന്നാർ | ഇടുക്കി | 10 |
| 9 | കവളങ്ങാട് | എറണാകുളം | 10 |
| 10 | എടത്തല | എറണാകുളം | 10 |
| 11 | ഉദയംപേരൂർ | എറണാകുളം | 5 |
| 12 | മുളന്തുരുത്തി | എറണാകുളം | 10 |
| 13 | പാറക്കടവ് | എറണാകുളം | 10 |
| 14 | വടക്കേക്കാട് | തൃശ്ശൂർ | 10 |
| 15 | കാട്ടകാമ്പൽ | തൃശ്ശൂർ | 10 |
| 16 | വല്ലച്ചിറ | തൃശ്ശൂർ | 10 |
| 17 | മേലൂർ | തൃശ്ശൂർ | 10 |
| 18 | തോളൂർ | തൃശ്ശൂർ | 10 |
| 19 | വെങ്കിടങ്ങ് | തൃശ്ശൂർ | 10 |
| 20 | എളവള്ളി | തൃശ്ശൂർ | 10 |
| 21 | മൂത്തേടം | മലപ്പുറം | 10 |
| 22 | മാറാക്കര | മലപ്പുറം | 10 |
| 23 | തിരുവാലി | മലപ്പുറം | 10 |
| 24 | ഊർങ്ങാട്ടിരി | മലപ്പുറം | 10 |
| 25 | എടയൂർ | മലപ്പുറം | 10 |
| 26 | ഏലംകുളം | മലപ്പുറം | 10 |
| 27 | പുലാമന്തോൾ | മലപ്പുറം | 10 |
| 28 | പെരുമണ്ണക്ളാരി | മലപ്പുറം | 10 |
| 29 | കൂട്ടിലങ്ങാടി | മലപ്പുറം | 10 |
| 30 | തച്ചമ്പാറ | പാലക്കാട് | 10 |
| 31 | പുതുപ്പരിയാരം | പാലക്കാട് | 10 |
| 32 | അനങ്ങനടി | പാലക്കാട് | 10 |
| 33 | കുലുക്കല്ലൂർ | പാലക്കാട് | 10 |

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | ജില്ല | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 34 | പൊൽപ്പുള്ളി | പാലക്കാട് | 10 |
| 35 | ചേമഞ്ചേരി | കോഴിക്കോട് | 10 |
| 36 | കൂരാച്ചുണ്ട് | കോഴിക്കോട് | 10 |
| 37 | കാരശ്ശേരി | കോഴിക്കോട് | 10 |
| 38 | കൊടിയത്തൂർ | കോഴിക്കോട് | 10 |
| 39 | നന്മണ്ട | കോഴിക്കോട് | 5 |
| 40 | ഉള്ള്യേരി | കോഴിക്കോട് | 10 |
| 41 | ചേളന്നൂർ | കോഴിക്കോട് | 10 |
| 42 | കോടഞ്ചേരി | കോഴിക്കോട് | 10 |
| 43 | ചെമ്പിലോട് | കണ്ണൂർ | 10 |
| 44 | കോളയാട് | കണ്ണൂർ | 10 |
| 45 | കൂടാളി | കണ്ണൂർ | 10 |
| 46 | ആലക്കോട് | കണ്ണൂർ | 10 |
| 47 | കുറ്റ്യാട്ടൂർ | കണ്ണൂർ | 10 |
| 48 | പെരിങ്ങോം വയക്കര | കണ്ണൂർ | 10 |
| 49 | ചെമ്മനാട് | കാസർഗോഡ് | 10 |
| 50 | കിനാനൂർ-കരിന്തളം | കാസർഗോഡ് | 10 |
| 51 | ഉദുമ | കാസർഗോഡ് | 10 |
| | ആകെ | | 500 |